ഗ്രീൻ കേരള എക്സ്പ്രസ് റിയാലിറ്റി ഷോയുടെ ചെലവ്

195 (1953) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രീൻ കേരളാ എക്സ്പ്രസ് എന്ന റിയാലിറ്റി ഷോ നടത്താൻ ഇതുവരെ എത്ര രൂപ ചെലവായി ; പ്രസ്തുത ഷോ നടത്താൻ സി.-ഡിറ്റിന് എന്ത് തുക നൽകി ; ഏതൊക്കെ ഏജൻസികളാണ് സി.-ഡിറ്റിന് തുക നൽകിയത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഷോയിൽ പങ്കെടുത്ത തദ്ദേശ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത് എന്ത് മാനദണ്ഡങ്ങൾ അനുസരിച്ചാണ് :

(സി) പ്രസ്തുത ഷോയിൽ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് സമ്മാനം ലഭിച്ചത് ; എത്ര രൂപയാണ് സമ്മാനമായി നൽകിയത് :

(ഡി) ഷോയുടെ വിധികർത്താക്കൾ ആരൊക്കെയായിരുന്നു ; ഇവരെ തീരുമാനിച്ചത് എന്ത് മാനദണ്ഡങ്ങൾ അനുസരിച്ചായിരുന്നു ; ഏത് ഏജൻസിയാണ് വിധികർത്താക്കളെ തീരുമാനിച്ചത് ; ഇതു സംബന്ധിച്ച തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത വിധികർത്താക്കൾ ഓരോരുത്തർക്കും എത്ര രൂപ വീതം പ്രതിഫലം നൽകി ; ഇതിന്റെ ഉത്തരവിന്റെ കോപ്പിയും, ഓരോ വിധികർത്താവിന്റെ പേരും വിശദമാക്കുമോ ;

(എഫ്) പ്രസ്തുത ഷോയിലെ സമ്മാനാർഹരായ തദ്ദേശ ഭരണ സ്ഥാപനങ്ങളെ എങ്ങനെയാണ് തെരഞ്ഞെടുത്തത് ; എന്തായിരുന്നു മാനദണ്ഡങ്ങൾ ; സമ്മാനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന്റെ മുഴുവൻ രേഖകളും ഹാജരാക്കുമോ ;

(ജി) പ്രസ്തുത ഷോയിൽ തദ്ദേശസ്ഥാപനങ്ങളിലെ സ്വാധീനം വിലയിരുത്താൻ മുംബൈയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിനെ ഏല്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏല്പിച്ച ഏജൻസി ഏത് ; എത്ര രൂപയ്ക്കാണ് പഠിക്കാനുള്ള ചുമതല നൽകിയത് ; ആരാണ് ഇതിനായി പണം മുടക്കിയത് ; പ്രസ്തുത പ്രോജക്ടിന്റെ പ്രൊപ്പോസൽ ഹാജരാക്കുമോ ; ഈ പഠനം ആരംഭിച്ചോ എന്നും ആരാണ് ഈ പഠനത്തിന്റെ പ്രോജക്ട് ലീഡർ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രീൻ കേരള എക്സ്പ്രസ് റിയാലിറ്റിഷോ സംഘടിപ്പിക്കുന്നതിന് 223.19 ലക്ഷം രൂപയാണ് അടങ്കൽ നിശ്ചയിച്ചിരിക്കുന്നത്. സി-ഡിറ്റിന് ഇതുവരെ 147.39 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കിലയിൽ നിന്ന് ലഭിച്ച 40 ലക്ഷം രൂപയും ഷോയിൽ പങ്കെടുക്കുന്ന തദ്ദേശസ്ഥാപനങ്ങൾ 10000 രൂപ നിരക്കിൽ നൽകിയ തുകയുൾപ്പെടെ ശുചിത്വ മിഷനാണ് സി-ഡിറ്റിന് മേൽപ്പടി തുക നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്രക്കുറിപ്പിലൂടെയും ദൂരദർശനിലൂടെയും വകുപ്പ് തലത്തിലുള്ള അറിയിപ്പിലൂടെയും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളെയും ഈ റിയാലിറ്റി ഷോയിലേക്ക് ക്ഷണിച്ചിരുന്നു. പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലിയുടെയും തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കിയ വീഡിയോ ചിത്രത്തിന്റെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന മേഖലകളിലെ പ്രവർത്തന മികവ് വിലയിരുത്തിയാണ് തദ്ദേശസ്ഥാപനങ്ങളെ ഈ റിയാലിറ്റി ഷോയിലേക്ക് തെരഞ്ഞെടുത്തത്.

- സാമ്പത്തിക സ്ഥിതി
- പൊതുസ്ഥിതി
- പ്രധാന പദ്ധതികൾ
- സുസ്ഥിര വികസന മാതൃകകൾ
- ജൈവവൈവിദ്ധ്യം/ബൗദ്ധിക സ്വത്തവകാശം
- ജലവിഭവസംരക്ഷണം
- ശുചിത്വം, പരിസ്ഥിതി
- ആരോഗ്യം
- ഊർജ്ജം
- ഗതാഗതം
- വിദ്യാഭ്യാസം
- ഭവന നിർമ്മാണം

(സി) സമ്മാനം ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേരും അവർക്കു ലഭിച്ച തുകയും താഴെ ചേർക്കുന്നു.

നഗരസഭകൾ :

ക്രമ നമ്പർ	നഗരസഭ	സ്ഥാനം	തുക
1	ഒറ്റപ്പാലം	ഒന്നാം സമ്മാനം	50 ലക്ഷം രൂപ
2	മലപ്പുറം	രണ്ടാം സമ്മാനം	25 ലക്ഷം രൂപ
ഗ്രാമപഞ്ചായത്ത് :			
1	എലപ്പുള്ളി	ഒന്നാം സമ്മാനം	100 ലക്ഷം രൂപ
2	അകത്തേത്തറ	രണ്ടാം സമ്മാനം	50 ലക്ഷം രൂപ
3	അടാട്ട്	മൂന്നാം സമ്മാനം	25 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ അവസാന റൗണ്ടിൽ പ്രവേശിച്ച കണ്ണാടി പാലോമൽ, ചെറിയനാട് മീനങ്ങാടി, ആര്യനാട്, കഞ്ഞിക്കുഴി, ശൂരനാട്, നോർത്ത് നിലമ്പൂർ, മാനന്തവാടി, കൊരട്ടി, കൊടിയത്തൂർ, കുന്നത്തുകാൽ, എന്നീ 12 ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വീതവും പ്രോത്സാഹന സമ്മാനമായി നൽകുകയുണ്ടായി.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പ്രാഥമികമായി പരിശോധിച്ചത് വിവിധ മേഖലകളിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന 36 പേരടങ്ങുന്ന സ്ക്രീനിംഗ് കമ്മിറ്റിയിൽ നിന്നുള്ള അംഗങ്ങളാണ് (പട്ടിക അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.*) പ്രാഥമിക പരിശോധനയിൽ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ രണ്ടു ഘട്ടങ്ങളിലായി വിശദമായി വിലയിരുത്തുകയുണ്ടായി.

ഇത്തരത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയത് റെഗുലർ ജൂറി, ടെക്നിക്കൽ ജൂറി, നാഷണൽ ജൂറി സെലിബ്രിറ്റി ജൂറി എന്നീ തരത്തിൽ തയ്യാറാക്കിയ പാനലിൽ നിന്നുമുള്ള അംഗങ്ങളും അതത് സമയങ്ങളിൽ പ്രാദേശികമായി ലഭ്യമായ മറ്റു വിദഗ്ദ്ധരുമാണ്. (പട്ടിക അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*) പ്രാഥമിക വിലയിരുത്തലിനും അന്തിമ വിലയിരുത്തലിനും വേണ്ടിയുള്ള പാനൽ തീരുമാനിച്ചത് റിയാലിറ്റി ഷോ നടത്തുന്നതിനായി സർക്കാർ നിയോഗിച്ച തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയാണ്. (കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) വിധി കർത്താക്കളുടെ പേരും സി-ഡിറ്റ് നൽകിയ പ്രതിഫലവും ഇതോടൊപ്പം അനുബന്ധം 4 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.* കൂടാതെ പത്മപ്രിയയ്ക്ക് 2.5 ലക്ഷം രൂപ, കല്പനയ്ക്ക് 25,000 രൂപ, മധുപാലിന് 10,000 രൂപയും Celebrity Jury Fee ആയി നൽകിയിട്ടുണ്ട്.

(എഫ്) പ്രാഥമിക പരിശോധനയിൽ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ രണ്ടു ഘട്ടങ്ങളിലായി അന്തിമമായി വിശദമായി വിലയിരുത്തുകയുണ്ടായി. ഒന്നാം ഘട്ട വിലയിരുത്തലിന് സ്വീകരിച്ച മാനദണ്ഡങ്ങളും അവയ്ക്ക് ലഭിക്കുന്ന പരമാവധി സ്കോറും ചുവടെ പരാമർശിക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനത്തിൽ നടപ്പിലാക്കിയ മികച്ച ഒരു പദ്ധതിയെപ്പറ്റി ചിത്രീകരിച്ച ഒരു ഷോർട്ട് ഫിലിമിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ 20 മാർക്ക് (പരമാവധി)

2. പൂരിപ്പിച്ച് സമർപ്പിച്ച ചോദ്യാവലിയുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ - 10 മാർക്ക് (പരമാവധി)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. തദ്ദേശഭരണ സ്ഥാപനം വിധികർത്താക്കളുടെ മുൻപിൽ നടത്തുന്ന അവതരണത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള വിലയിരുത്തൽ 60 മാർക്ക് (പരമാവധി)

4. പ്രേക്ഷകരുടെ ശരാശരി എസ്.എം.എസ്. വഴി തദ്ദേശഭരണ സ്ഥാപനത്തിന് ലഭിച്ച മാർക്കിന്റെയും ആകെ ലഭിച്ച എസ്എംഎസ്. വോട്ടുകളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ നൽകുന്ന മാർക്ക് 10 മാർക്ക് (പരമാവധി)

പ്രാഥമിക പരിശോധനയുടെ സ്കോർ ഷീറ്റ് അനുബന്ധം 5 ആയി ഉള്ളടക്കം ചെയ്യുന്നു.*

മേൽപ്പറഞ്ഞ രീതിയിൽ നടന്ന ആദ്യഘട്ടത്തിൽ വിലയിരുത്തലിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ തദ്ദേശഭരണ സ്ഥാപനങ്ങളെ രണ്ടാം ഘട്ടത്തിലേക്ക് തെരഞ്ഞെടുക്കുകയുണ്ടായി. രണ്ടാം ഘട്ട വിലയിരുത്തലിന് നിശ്ചയിച്ചിരുന്ന ആകെ സ്കോർ 100 മാർക്കാണ്. രണ്ടാം ഘട്ട വിലയിരുത്തലിൽ മാർക്ക് നിർണ്ണയിക്കുന്നതിന് രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ താഴെ പറയുന്ന വയാണ്.

1. ജൂറി അംഗങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് അവതരിപ്പിച്ച പദ്ധതികളുടേയും ചോദ്യാവലിയിൽ പറഞ്ഞിട്ടുള്ള വിവരങ്ങളുടേയും അടിസ്ഥാനത്തിൽ നടത്തുന്ന വിലയിരുത്തൽ 20 മാർക്ക് (പരമാവധി)

2. ഓരോ തദ്ദേശഭരണ സ്ഥാപനവും മത്സരത്തിൽ തങ്ങൾ വിജയിക്കുകയാണെങ്കിൽ ലഭിച്ചേക്കാവുന്ന സമ്മാനത്തുകകൊണ്ടു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതിയുടെ അവതരണത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള വിലയിരുത്തൽ 70 മാർക്ക് (പരമാവധി)

3. പ്രേക്ഷകർ എസ്.എം.എസ്. വഴി തദ്ദേശഭരണ സ്ഥാപനത്തിൽ നൽകുന്ന മാർക്കിന്റെയും എസ്.എം.എസ്. വോട്ടുകളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ നൽകുന്ന മാർക്ക് 10 മാർക്ക് (പരമാവധി)

ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ആദ്യത്തെ പഞ്ചായത്തുകളെ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കുകയും രണ്ടാംഘട്ട വിലയിരുത്തലിൽ വന്ന ശേഷിച്ച 12 പഞ്ചായത്തുകൾക്ക് പ്രോത്സാഹന സമ്മാനവും നൽകുകയുമുണ്ടായി. ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ആദ്യത്തെ രണ്ട് നഗരസഭകൾക്ക് യഥാക്രമം ഒന്നും രണ്ടും സമ്മാനങ്ങൾ നൽകുകയുണ്ടായി. അന്തിമ വിലയിരുത്തലിന്റെ സ്കോർ ഷീറ്റ് അനുബന്ധം 6 ആയി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) Mediated development of Democratic decentralization-നെ ഗ്രീൻ കേരള എക്സ്പ്രസ് എന്ന സോഷ്യൽ റിയാലിറ്റി ഷോ എങ്ങനെയാണ് ബന്ധപ്പെടുത്തിയത് എന്ന ഒരു അക്കാദമിക് പഠനം നടത്താൻ TISS-ഉം സി-ഡിറ്റുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. മൊത്തം 9 ലക്ഷം രൂപയാണ് ഈ പഠനത്തിന്റെ ചെലവ്. 7 മാസമാണ് പഠന കാലാവധി. TISS-ലെ associated Professor-ഉം ചെയർപേഴ്സൺ, സെന്റർ ഫോർ മീഡിയാ സ്റ്റഡീസുമായ ഡോ. മഞ്ജുളഭാരതിയുമാണ് TISS-നു വേണ്ടി ഈ പഠനം നടത്തുന്നത്. സി-ഡിറ്റാണ് പഠനം നടത്താൻ ടി ഏജൻസിയെ ഏൽപ്പിച്ചത്.

യു.ഡി. ക്ലാർക്കുമാരുടെ ട്രാൻസ്ഫർ

196 (1954) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിപ്പൽ കോമൺ സർവ്വീസിൽ എക്സ് സർവ്വീസ് മെൻ ആയിട്ടുള്ള എത്ര യു.ഡി. ക്ലാർക്കുമാർ ജോലി നോക്കുന്നുണ്ട് ;

(ബി) ഇതിൽ എത്ര പേരുടെ ട്രാൻസ്ഫർ അപേക്ഷകൾ ഈ വർഷത്തെ ട്രാൻസ്ഫർ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ചിട്ടുണ്ടായിരുന്നു ;

(സി) ഇതിൽ എത്രയെണ്ണം പരിഗണിച്ചു ;

(ഡി) പരിഗണിക്കാത്തവരുടെ എത്ര അപേക്ഷകൾ അപ്പീൽ ആയി ലഭിച്ചു ;

(ഇ) ഈ അപ്പീലിന്മേൽ ഏതൊക്കെ അപേക്ഷകളിൽ നടപടി സ്വീകരിച്ചുവെന്നും ഇനി എത്രയെണ്ണം നടപടിക്കായി ബാക്കിയുണ്ടെന്നും അറിയിക്കുമോ ;

(എഫ്) ഇവ എന്നത്തേക്ക് പരിഗണിക്കുമെന്ന് അറിയിക്കുമോ ; ഈ വിവരം അതാത് കക്ഷികളെ രേഖാമൂലം അറിയിച്ചിട്ടുണ്ടായെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) ഒരു അപേക്ഷ നഗരകാര്യ & ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ടി അപേക്ഷ പരിഗണിച്ചിട്ടില്ല.

(ഡി&ഇ) ടി അപേക്ഷയിന്മേൽ അപ്പീൽ നഗരകാര്യ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ആയത് തീർപ്പാക്കിയിട്ടില്ല.

(എഫ്) ഇതിന്മേൽ നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു

LIBRARY ARCHIVES Kerala Legislative Assembly